"ഭരണഭാഷ - മാതൃഭാഷ"

എസ്.എ (2) 921/2015(1)

കൃഷി ഡയറക്ടറാഫീസ്,
തിരുവനന്തപുരം,
തീയതി. 8/01/2015.

## സർക്കുലർ

വിഷയം:- കൃഷി വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - 2015 വർഷത്തിലെ പൊതു സ്ഥലംമാറ്റം - അപേക്ഷകൾ ക്ഷണിച്ചു കൊണ്ടുള്ള സർക്കുലർ പുറപ്പെടുവിക്കുന്നു.

സൂചന:- 1) 10/09/2004 ലെ ജി.ഒ (പി) 12/04/പി &എ.ആർ.ഡി.
2) 30/12/2009 ലെ ജി.ഒ (പി) 21/09/പി & എ.ആർ.ഡി
3) 30/12/2009 ലെ ജി.ഒ (പി) 22/09/പി & എ.ആർ.ഡി

....................

കൃഷി വകുപ്പിൽ 2015 വർഷത്തിലെ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ഇതോടൊന്നിച്ച് ചേർത്തിട്ടുള്ള നിർദ്ദിഷ്ട ഫോറത്തിൽ തയ്യാറാക്കി മേലധികാരിയുടെ ശുപാർശയോടു കൂടി ബന്ധപ്പെട്ട് ജില്ലാ ഓഫീസ് മേധാവിയുടെ മേലൊപ്പ് സഹിതം 15/02/2015 ന് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കത്തക്കവിധം അയച്ചു തരേണ്ടതാണ്. ഇപ്പോൾ ജോലി ചെയ്യുന്ന ജില്ലയിൽ 2015 മാർച്ച് 31-ാം തീയതിയിൽ മൂന്നു വർഷത്തെ സേവനം പൂർത്തിയാക്കിയവരുടെ/പൂർത്തിയാകുന്നവരുടെ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളു. എന്നാൽ അടുത്ത് രണ്ട് വർഷത്തിനുള്ളിൽ വിരമിക്കുന്നവർക്ക് ഒരു ജില്ലയിൽ 3 വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കണം എന്ന നിബന്ധന ബാധകമല്ല.

നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതും അപൂർണ്ണവുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

വിവിധ തസ്തികകളിലെ അപേക്ഷകൾ പ്രത്യേകം പ്രത്യേകം ആമുഖകത്തോടുകൂടി സമർപ്പിക്കേണ്ടതാണ്.

ജില്ലാ റിക്രൂട്ട്മെന്റ് ബോർഡ് മുഖാന്തിരം നിയമിക്കപ്പെട്ടവരും സമാശ്വാസ തൊഴിൽദാന നിയമപ്രകാരം സ്വന്തം ജില്ലയിൽ നിയമനം ലഭിച്ചവർക്കും പ്രസ്തുത ജില്ലയിൽ നിയമനം ലഭിച്ചവർക്കും പ്രസ്തുത ജില്ലയിൽ 5 വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ മാത്രമേ അവരുടെ അപേക്ഷകൾ ശുപാർശ ചെയ്ത് അയയ്ക്കുവാൻ പാടുള്ളു. ഇതിൽ വിദേശത്ത് ജോലി സ്വീകരിക്കുന്നതിന് ശൂന്യവേതനാവധി, ഡെപ്യൂട്ടേഷൻ കാലയളവ്, സാക്ഷരതാ സമിതിയിലെ സേവനം എന്നിവ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല. മേൽ സൂചനയിലെ സർക്കാർ ഉത്തരവുകളും തുടർന്നുണ്ടായിട്ടുള്ള സർക്കാർ ഉത്തരവുകൾക്കും വിധേയമായിട്ടായിരിക്കും പൊതു സ്ഥലംമാറ്റം നൽകപ്പെടുന്നത്. ഈ സർക്കുലർ കൃഷി വകുപ്പിന്റെ ഔദ്യോഗിക

വെബ്സൈറ്റായ www.Kerala agriculture.gov.in ൽ ലഭ്യമാകുന്നതാണ്. ആവശ്യക്കാർക്ക് ഈ വിശദാംശം ഡൌൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. എല്ലാ ആഫീസ് തലവൻമാരും ഈ കോപ്പി ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതും പകർപ്പ് ബോർഡിൽ പതിപ്പിക്കേണ്ടതുമാണ്.

ഈ സർക്കുലർ കൈപ്പറ്റിയ വിവരം മടക്കതപാലിൽ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

1) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2) പ്രിൻസിപ്പൽ ഇൻഫർമേഷൻ ആഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം.
3) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറി/ഫെർട്ടിലൈസേഴ്സ് ക്വാളിറ്റി കൺട്രോൾ ലാബ്, പാറോട്ടുകോണം/ചീഫ് സോയിൽ കെമിസ്റ്റ്, സെൻട്രൽ സോയിൽ & പ്ലാന്റ് ഹെൽത്ത് സെന്റർ, പാറോട്ടുകോണം.
4) എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) ആലപ്പുഴ, കോഴിക്കോട്
5) ടെക്നിക്കൽ അസിസ്റ്റന്റ്, ആർ.റ്റി.റ്റി.സി, വെള്ളായണി.
6) കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ, കഴക്കൂട്ടം
7) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ബയോ കൺട്രോൾ ലാബ്, മണ്ണുത്തി
8) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഫെർട്ടിലൈസേഴ്സ് ക്വാളിറ്റി കൺട്രോൾ ലാബ്, പട്ടാമ്പി
9) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി
10) സെക്രട്ടറി, അർബൻ അഗ്രി ഹോൾസെയിൽ മാർക്കറ്റ്, ആനയറ/മരട്/വേങ്ങേരി
11) സെക്രട്ടറി, റൂറൽ അഗ്രി ഹോൾസെയിൽ മാർക്കറ്റ്, നെടുമങ്ങാട്/മൂവാറ്റുപുഴ/സുൽത്താൻബത്തേരി
12) ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

**<u>പകർപ്പ്</u>**

1) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐ.റ്റി. സെൽ (കൃഷി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
2) ഡയറക്ടർ, പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരത്തിന് (പത്ര മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി) ആമുഖ കത്തോടുകൂടി.
3) കൃഷി ഡയറക്ടറേറ്റിലെ എല്ലാ സെക്ഷനുകൾക്കും
4) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി.എക്ക്
5) സീനിയർ ഫിനാൻസ് ആഫീസറുടെ സി.എയ്ക്ക്
6) സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറുടെ സി.എക്ക്
7) വിജിലൻസ് ആഫീസറുടെ സി.എക്ക്
8) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് I/II
9) എസ്.ബി/എസ്.ഡി/എസ്.ഇ/എസ്.എച്ച് സെക്ഷനുകൾക്ക്
10) എസ്.എ(1), എസ്.എ (3) സീറ്റുകൾ
11) കരുതൽ ഫയൽ, നോട്ടീസ് ബോർഡ്/അധികം.

Senior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33

സീനിയർ സൂപ്രണ്ട്

പി.കെ/സബി.

# APPLICATION FOR GENERAL TRANSFER 2015
# DEPARTMENT OF AGRICULTURE

| | | | | |
|---|---|---|---|---|
| 1. Name | : | | | |
| 2. Designation | : | | | |
| 3. Official address with district | : | | | |
| 4. Name of home district | : | | | |
| 5. Permanent Residential Address | : | | | |
| 6. Age and Date of Birth | : | | | |
| 7. Date of Retirement | : | | | |
| 8. Continuous Service in the present office as on 31-03-2015 | : | Year | Month | Days |
| 9. Total continuous service in the present district (as on 31-03-2015) | : | Year | Month | Days |
| 10. District to which transfer requested | : | | | |
| 11. Reason for seeking transfer | : | | | |
| 12. Total service in the requested district | : | | | |
| 13. Special consideration if any for transfer. Give details and evidence. | : | | | |
| 14. Details of service in Hill Tract Tribal Area (give details) | : | | | |
| 15. Service details | : | Year | Month | Days |
| A) Date of entry in service | : | | | |
| B) District wise details of<br>i)<br>ii)<br>iii)<br>iv) | : | | | |

16. **Certificate**

The details furnished above are true. I am sure that disciplinary action will be taken against me for the representation of false information if any. I also agree to work in the district to which I am transferred on request for the period of 3 years

Signature of Applicant          Name          Designation
Date:

**OFFICE USE**

17. **Certificate**

Verified the details with the Service Book and other Service Records of the incumbent. I hereby certified that the information furnished above is correct.

Signature of Head of Office          Name          Designation
Date:

18. Recommendation and remarks of the Head of Office

**FOR OFFICE USE OF TRANSFERRING AUTHORITY**

Accepted          Rejected

Reason for Rejection: